**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**പോലീസ് സേനപരിശീലനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :135 4/06/2018-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസ് സേനയിലെ പരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് എന്തെങ്കിലും ആലോചനകൾ നടക്കുന്നുണ്ടോ ;എങ്കിൽ ഇത് ഏതുരീതിയിൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ) | സംസ്ഥാനത്തെ പോലീസ് സേനയിലെ പരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് കേരള പോലീസ് അക്കാഡമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും വച്ച് പോലീസുകാർക്ക് അറസ്റ്റ് & കസ്റ്റോഡിയൽ മാനേജ്മെന്റ് എന്ന വിഷയത്തിൽ പരിശീലനം നടത്തി വരുന്നു. ജി.ഒ.(പി) നം.131/17/ആഭ്യന്തരം തീയതി 17/10/2017 പ്രകാരം പോലീസ് സബ്ബ് ഇൻസ്പെക്ടർ ട്രെയിനികളുടെ പ്രായോഗിക പരിശീലന കാലഘട്ടം അന്ന് നിലവിലിരുന്ന 485 ദിവസത്തിൽ നിന്നും 680 ദിവസത്തിലേക്ക് ഉയർത്തിയിട്ടുമുണ്ട്. |
| (ബി) | സംസ്ഥാനത്ത് കസ്റ്റഡിമരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോലീസിന്റെ പെരുമാറ്റത്തിലൂടെ പൊതുജന ബന്ധം ശക്തിപ്പെടുത്തുന്നതിനാവശ്യമായ രീതിയിൽ പാഠ്യപദ്ധതിയും പരിശീലനവും പരിഷ്കരിക്കുമോ എന്നറിയിക്കാമോ? | (ബി) | പഠന പദ്ധതികൾ പരിഷ്കരിക്കുന്നതിനും പരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രശ്നനിവൃത്തിക്കായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന പൊതുജനങ്ങളോട് മാന്യമായ രീതിയിൽ പെരുമാറണമെന്നും പ്രശ്നപരിഹാരാർത്ഥം നിയമവ്യവസ്ഥിതിയിൽ നിന്നുകൊണ്ടുള്ള നടപടി കൈക്കൊള്ളണമെന്നുമുള്ള നിർദ്ദേശങ്ങൾ നിലവിലുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ